بسم الله الرحمن الرحیم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 09/09/2016

**(07 DHUL HIJJA 1437 HIJRI)**

## Hazrat Khalifathullah Munir Ahmad Azim (A)

## "THE THREAT ON ISLAM" / "ഇസ്ലാമിനെതിരിലെ ഭീഷണികൾ"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാമിനെതിരിലെ ഭീഷണികൾ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി. പടിഞ്ഞാറൻ രാജ്യങ്ങളിൽ വ്യാപിച്ച (പ്രധാനമായും മുസ്ലീങ്ങൾ അല്ലാത്തവരിൽ) മനുഷ്യന്റെ വ്യക്തി ജീവിതത്തിനും പൊതു ജീവിതത്തിനുമിടയിലുള്ള മതിൽ എന്ന ആശയം ഇസ്ലാം അംഗീകരിക്കുന്നില്ല. ഈ വിശ്വാസം (അതായത് ഇസ്ലാമിക വിശ്വാസത്തിൽ ഒരുവന്റെ വ്യക്തി ജീവിതത്തിനും പൊതു ജീവിതത്തിനുമിടയിൽ മതിലുകൾ ഉണ്ടാകാൻ പാടില്ല.) ശക്തമായ ഒരു സമ്മർദ്ദമായി തീർന്നിരിക്കുന്നു. അത് മുസ്ലീങ്ങൾ അല്ലാത്തവരെ ബോധ്യപ്പെടുത്തുന്നു; അവരുടെ ദൈനംദിന ജീവിതത്തിൽ ഒരു ധാർമ്മിക ക്രമം ഇനി കണ്ടു പിടിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇത് ചെയ്യുന്നതിലൂടെ, അവരുടെ പാശ്ചാത്യ രാജ്യങ്ങളിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പാരമ്പര്യ ചിന്തകൾക്കെതിരായി തീരുമെന്നതാണ് വസ്തുത. ഇപ്പോൾ തന്നെ, ഇസ്ലാമിന്റെ ഈ ആശയം, മുസ്ലീങ്ങൾ അല്ലാത്തവരെ ഭയവിഹ്വലമാക്കുന്നു. മുസ്ലീം ലോകം അവരുടെ വിശ്വാസങ്ങൾ പങ്കുവയ്ക്കാത്ത ലോകത്തിലെ മറ്റു ഭാഗങ്ങളിൽ സംഘട്ടനത്തിന് നേതൃത്വം കൊടുക്കുകയാണെന്ന് അവർ വിചാരിക്കുന്നു. യൂറോപ്യരേയും എന്തിനേറെ അമേരിക്കക്കാരെപോലും ഇത്, ധൈര്യമില്ലാത്തവരാക്കി മാറ്റുന്നു. **ഇപ്പോഴത്തെ ഈ സാഹചര്യത്തെ പെട്ടെന്ന് അവലോകനം ചെയ്യുകയാണെങ്കിൽ, ഇസ്ലാം രക്തദാഹികളുടെ മതമാണ് എന്ന് നോക്കികാണുന്നവർക്ക് ഈ ഭയം ശക്തിപ്പെടുകയേയുള്ളൂ. എന്നാൽ അവർ ചെയ്ത അനേകം തെറ്റുകൾ അവർ മറക്കുന്നു; സാധുക്കളായ, പ്രതിരോധിക്കാൻ കഴിവില്ലാത്ത മുസ്ലീങ്ങളെ കൊന്നൊടുക്കിയതിലൂടെയും, അവരുടെ പ്രദേശങ്ങളും, വസ്തുവകകളും ആക്രമിച്ച് കൈവശപ്പെടുത്തിയതിലൂടെയും, പ്രധാനമായും ഈ സ്ഥലങ്ങളിൽ നിന്ന് ഇസ്ലാമിനെ നിഷ്ക്കാസനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ! (ഇതൊക്കെ അവർ മറക്കുന്നു.)**

യൂറോപ്പിൽ, 20 വർഷങ്ങൾക്കു മുമ്പ് മുതൽ തന്നെ, ബോസ്നിയൻ മുസ്ലീംകളോട് വളരെക്കാലം, ക്രിസ്ത്യാനികൾ എന്ന് താത്വികമായി പറയാവുന്ന സെർബിയൻസ് നിഷ്ഠൂരമായി പെരുമാറുകയുണ്ടായി. ഏഷ്യയുടെയും യൂറോപ്പിന്റെയും ഇടയിലുള്ള പ്രദേശത്തെ അർമേനിയൻ ക്രിസ്ത്യാനികൾ, ആസർബൈജാൻ മുസ്ലീങ്ങളെ ഉന്മൂലനം ചെയ്യുകയുണ്ടായി. ജൂതന്മാരും മുസ്ലീംകളും, പലസ്തീനിൽ ഇന്നും പരസ്പരം കൊന്നൊടുക്കുകയാണ്. ഇങ്ങ് കിഴക്ക് കാശ്മീരിൽ ഇന്ത്യൻ പട്ടാളത്തിന്റെ ഹീനമായ പ്രവർത്തി തുടരുന്നു. അയോധ്യയിലെ മുസ്ലീം പള്ളി ഹിന്ദുക്കൾ 1992 ൽ തകർത്തത് മറ്റൊരു കാര്യം. ഇത്തരം കൈപ്പേറിയ അനുഭവങ്ങൾ മുസ്ലീങ്ങളെ കൊണ്ടെത്തിച്ചത്, ഈ ലോകം മുസ്ലീങ്ങൾക്ക് എതിരാണ് എന്ന വസ്തുതയിലേക്കാണ്. ഇതാണ് കാര്യമെങ്കിൽ, അപ്പോൾ അവരെ ലോകത്തിനെതിരാക്കി തീർക്കുകയായിരുന്നു. ഇറാഖിലും സിറിയയിലും മറ്റു ഇസ്ലാമിക രാഷ്ട്രങ്ങളിലും ഖുർ ആൻ വചനങ്ങൾ ചുഴറ്റിക്കൊണ്ട് ഭീകരവാദികൾ വിദേശികളെ കൊലചെയ്യുന്നത്, അപരിചിതരോടും വിദേശികളോടുമുള്ള അയുക്തിക വിദ്വേഷം മൂലവും ഭയം മൂലവുമാണ്. കാലഗമനത്തിൽ കമ്മ്യൂണിസ്റ്റ് സഖ്യത്തിന്റെ മരണത്തോടെ, ഒരു നൂതന ശീത സമരം പ്രത്യക്ഷമാകുന്നതായി നാം കാണുന്നു. ഈ ശീതസമരത്തിന്റെ ബാല്യദിശയിലാണ് നാം എങ്കിലും, അതിന്റെ പ്രഥമ ഉദ്വേഗം നമുക്ക് അനുഭവപ്പെടുന്നു. ഈ പുതിയ യുദ്ധത്തെ നമുക്ക് പരിഷ്ക്കാരങ്ങളുടെ യുദ്ധം എന്ന് പറയുവാൻ കഴിയും. ഇപ്പോൾ അത് ഗോളങ്ങളിൽ കുടിയേറുക എന്നതിലേക്ക് എത്തിനിൽക്കുന്നു. ആ കാര്യത്തിൽ രണ്ട് പ്രധാന ശക്തികളെ ഭാവിയിലേക്ക് നാം കാണുന്നു. **ഒന്നാമത്തേത് പടിഞ്ഞാറൻ ശക്തിയാണ് യൂറോ അമേരിക്കൻ സംസ്ക്കാരവും അവയുടെ ഉൽപ്പന്നങ്ങളായ, നവോത്ഥാനവും (ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള) സ്വാതന്ത്ര്യവും, നവീകരണ പ്രസ്ഥാനവും ! ഇവർ മുതലാളിത്ത വ്യവസ്ഥയുടെയും ജനാധിപത്യത്തിന്റെയും ജനയിതാക്കൾ എന്ന നിലയിലും പ്രതിനിധാനം ചെയ്യുന്നു. രണ്ടാമത്തേത് ഇസ്ലാമാകുന്നു.**

ജനഭൂരിപക്ഷ ചിന്തകളിൽ, പടിഞ്ഞാറിന്റെ ആശയ നായകത്വത്തെ ഈ നൂറ്റാണ്ടിൽ നേരിടുന്നതിന് ശക്തിയുള്ള ഒരേയൊരു ശക്തി ഇസ്ലാം മാത്രമാണ് എന്ന് വിശേഷിപ്പിക്കുന്നു. ഇസ്ലാം അതിനുള്ള ശക്തമായ തെളിവുകളുമായി പ്രതിനിധാനം ചെയ്യുന്നു. കാരണം ഇസ്ലാമിന് ശക്തമായ ഒരു അടിത്തറയുണ്ട്. ആ ശക്തിക്കുള്ള അടിത്തറ ദൈവ വചനങ്ങളാണ്. അറേബ്യയുടെ ഒരു ഒഴിഞ്ഞ മൂലയിൽ 1450 വർഷങ്ങൾക്ക് മുമ്പ്, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന് വെളിപാടുകളിലൂടെ നൽകപ്പെട്ടതും, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം രേഖപ്പെടുത്തപ്പെട്ടതുമായ പരിശുദ്ധ ഖുർ ആൻ ആണത്. ഒരു പരിഷ്ക്കാരത്തെ അരക്കിട്ടുറപ്പിക്കുവാൻ ഇതിനെക്കാൾ ശക്തമായ മറ്റൊന്ന് കണ്ടെത്തുവാൻ കഴിയില്ല. മാത്രമല്ല. മറ്റെങ്ങും ഇതുപോലെ ഒന്നുണ്ടായിട്ടുമില്ല. ഇസ്ലാമിനോളം ശക്തിമത്തായ മറ്റൊരു നൂതന അവകാശ വാദങ്ങളും എങ്ങും ഉണ്ടായിട്ടുമില്ല. അതാണ് ഇസ്ലാം. പുറമെ നിന്ന് ഇസ്ലാമിന് ആവർത്തിച്ചുള്ള പരാജയങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ! അഥവാ നമ്മുടെ തന്നെ ഭരണകൂടങ്ങളുടെ കഴിവില്ലായ്മയിലൂടെ പരാജയങ്ങൾ ഏറ്റുവാങ്ങി വന്നിട്ടുണ്ടെങ്കിലും, **നാൽപ്പതോ അതിൽ കൂടുതലോ കാലം മതമൗലിക വാദം എന്ന പേരിൽ പടിഞ്ഞാറൻ ശക്തികൾ ഇസ്ലാമിന് പേര് വച്ചപ്പോൾ, ഉയർച്ചയ്ക്കുള്ള അമ്പരപ്പ് നാം ദർശിച്ചതാണ്.** നാം ആ പദത്തെ വെറുക്കുന്നു; അതിന്റെ അർത്ഥം അങ്ങനെയല്ല; അത്ഭുതമെന്ന് പറയട്ടെ, അത് അവാസ്തവമാണ്. ഒരു വലിയ വിഭാഗം ജനത, ലോകത്തിന്റെ മുമ്പിൽ ഏറ്റവും നല്ല നിലയിൽ പെരുമാറുവാൻ കഴിയുമെന്ന് തെളിയിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിന് അവർക്ക് നഷ്ടമായ വ്യക്തിത്വം പുനസ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതിനെയാണ് അമേരിക്കക്കാരും യൂറോപ്പുകാരും ഭയപ്പെടുന്നത്. അവരുടെ മനസ്സുകളിൽ ഇസ്ലാം പ്രതിനിധാനം ചെയ്യുന്ന ഒരു പുതിയ ചന്ദ്രോദയം അവർ കാണുന്നു, അതുകൊണ്ടാണ് അമേരിക്കയുടെയും യൂറോപ്പിന്റെയും എല്ലാ വാതിലുകളും ഇസ്ലാമിനെതിരിൽ കൊട്ടിയടയ്ക്കുവാൻ ശ്രമിക്കുന്നത്. ഇങ്ങ് കിഴക്ക് യൂറോപ്പിന്റെ തന്നെ ഹൃദയമെന്ന് നാം കണ്ടെത്തുന്ന, ഒരു മുസ്ലീം രാഷ്ട്രം, ബോസ്നിയായും, ഹെർസെ ഗോവിനയും ! കഴിഞ്ഞ കാലങ്ങളിലെ ആ ദിനങ്ങൾ ഒന്നോർക്കുക ! 1994 മാർച്ച് ആദ്യത്തിൽ, അമേരിക്കയുടെ നേതൃത്വത്തിൽ ഒരു പുതിയ ബോസ്നിയൻ ഫെഡറേഷൻ സൃഷ്ടിക്കപ്പെട്ടു; അപ്പോൾ മുതൽ അതിന്റെ തകർച്ചയ്ക്കുള്ള നേതൃത്വവും അവർ ഏറ്റെടുക്കുകയുണ്ടായി. ഇപ്പോൾ നിങ്ങൾ ഒന്ന് തിരിഞ്ഞ് നോക്കൂ! ലോകത്തുടനീളം എങ്ങനെയാണ് മുസ്ലീങ്ങൾ അപമാനിക്കപ്പെടുന്നതെന്നും പീഡിപ്പിക്കപ്പെടുന്നതെന്നും ! ഇറാഖ്, സിറിയ, പലസ്തീൻ തുടങ്ങിയ രാജ്യങ്ങളിൽ ദിവസവും അവർ കൊലചെയ്യപ്പെടുന്നു. മറ്റ് ലോക രാഷ്ട്രങ്ങളോട് പറയുവാൻ ഒരു മുസ്ലീം രാഷ്ട്രത്തിനും ഇന്ന് വരെ ധൈര്യമുണ്ടായിട്ടില്ല. ഇത്തരം സാഹചര്യങ്ങളിലാണ് ഇസ്ലാം ജിഹാദ് അനുവദിച്ചിരിക്കുന്നതെന്ന് ! താൽക്കാലിക അധികാര ദാഹം, അവരെ സമ്പൂർണ്ണമായും, ഈ ലോകത്തിലെ വൻ ശക്തികളുടെ അടിമകളാക്കി തീർത്തിരിക്കുന്നു. അങ്ങനെ അവർ അല്ലാഹുവിന്റെ ശക്തിയെ വിസ്മരിച്ചിരിക്കുന്നു. **ഇസ്ലാമിക ജിഹാദ്, മുൻ ഉപാധികൾ ഇല്ലാത്ത ഒരു വ്യക്തിയുടെ സംരഭമല്ലായെന്ന് മനസ്സിലാക്കണം. ജിഹാദ്, യഥാർത്ഥ ജിഹാദ് അത് വളരെ വ്യവസ്ഥാപിതമായി നടപ്പിലാക്കേണ്ടതാണ്. എന്റെ മുൻ പ്രഭാഷണങ്ങളിൽ വിശദീകരിച്ചതുപോലെ നിരപരാധികളായ എല്ലാവരെയും തികഞ്ഞ ആദരവ് നൽകിക്കൊണ്ടായിരിക്കണം പ്രസ്തുത ജിഹാദ് ! മുസ്ലീം ലോകം ജിഹാദ് എന്ന ആശയം വളരെ തെറ്റായ നിലയിൽ മനസ്സിലാക്കിയിരിക്കുന്നുവെന്നത് വളരെ ദൗർഭാഗ്യകരം തന്നെ ! നാം ശക്തി ഉപയോഗിക്കുകയാണെങ്കിൽ, അല്ലാഹു (ത) യും അവന്റെ പ്രവാചകൻ (സ) യും നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നായിരിക്കണം അത് ചെയ്യേണ്ടത്. അതുമായി ബന്ധപ്പെട്ട എല്ലാ കൽപനകളും നിവർത്തപ്പെടേണ്ടതു തന്നെയാണ്.** യുദ്ധത്തിന്റെയും പരിഭ്രാന്തിയുടെയും പരിതസ്ഥിതിയിൽ ഏകദേശം 50 ലക്ഷം സിറിയൻ സഹോദരീ സഹോദരന്മാർ അവരുടെ രാജ്യം വിടേണ്ടി വന്നു. അവർ ഫ്രാൻസുപോലുള്ള യൂറോപ്യൻരാജ്യങ്ങളിലേക്ക് പോയി. എന്നാൽ വസ്തുതകൾ താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ഫ്രഞ്ച് ഗവൺമെന്റ്, വർഗ്ഗീയമായി ഭയപ്പാടോടെ മുസ്ലീം സാമാന്യ ജനത്തിനെ നോക്കി കണ്ടതുമൂലം, ഫ്രഞ്ച് മണ്ണിൽ വളരെ ചുരുക്കം പേർക്ക് മാത്രമേ കുടിയേറ്റ പ്രവേശനമനുവദിച്ചുള്ളൂ. 2011 മുതൽ വെറും 10000 സിറിയക്കാർക്ക് മാത്രമാണ് അഭയാർത്ഥി പദവി നൽകിയത് അഥവാ ഫ്രാൻസിൽ അനുബന്ധ സംരക്ഷണം അനുവദിച്ചത്. അഭയാർത്ഥി പലായനത്തിന്റെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ ഇത് വെറും നിസ്സാരമായ എണ്ണം മാത്രമാണ്. കുടിയേറ്റക്കാരുടെ പ്രശ്നം പൊതു ചർച്ചയ്ക്ക് വിഷയീഭവിക്കുകയുണ്ടായി. തുർക്കി 27 ലക്ഷം അഭയാർത്ഥികളെയും ലബനോൻ 10 ലക്ഷത്തിലധികം അഭയാർത്ഥികളെയും സ്വീകരിക്കുകയുണ്ടായി.

ഹിജ്റയുടെ (പലായനത്തിന്റെ) തത്വം തന്നെ ഇതാണ്, മർദ്ദനത്തിന് വിധേയമാക്കപ്പെട്ട രാജ്യത്ത് നിന്ന്, സ്വതന്ത്രമായി നിങ്ങളുടെ സമരം / പോരാട്ടം തുടരുന്നതിന് അനുവാദം നൽകുന്ന ഒരു രാജ്യത്തിലേക്കുള്ള

പലായനം. അതുകൊണ്ട് തന്നെ, ഈ നിസ്സഹായകർക്ക് അഭയം നൽകേണ്ടുന്ന പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം മുസ്ലീം രാഷ്ട്രങ്ങൾക്കുണ്ട് ! മുസ്ലീം രാഷ്ട്രങ്ങൾ മുന്നോട്ട് വരണം; ജിഹാദിനായി അവർ സ്വയം സന്നദ്ധരാകണം; അഭയാർത്ഥികൾക്ക് അഭയം നൽകണം; നമ്മുടെ മുസ്ലീം സഹോദരീ സഹോദരന്മാർ കുഞ്ഞുങ്ങൾ പീഡിപ്പിക്കപ്പെട്ടിരിക്കുന്നു; അവരുടെ ഭവനങ്ങളും രാജ്യവും ഉപേക്ഷിക്കുവാൻ അവർ നിർബന്ധിതരായി തീർന്നിരിക്കുന്നു. അവർ മറ്റു സ്ഥലങ്ങളിലേക്കും, രാജ്യങ്ങളിലേക്കും ജീവരക്ഷാർത്ഥം പോകേണ്ടി വന്നിരിക്കുന്നു. ഈ മുസ്ലീം രാഷ്ട്രങ്ങൾ / ഭരണകൂടങ്ങൾ അവരെ സഹായിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അപ്പോൾ അവർക്ക് അവരുടെ രാജ്യം, ശക്തിഉപയോഗിച്ചാണെങ്കിൽ പോലും, അവർക്ക് തിരികെ ലഭിക്കുന്നതാണ്. ഇത്, എന്റെ വാക്കുകളല്ല. രക്തദാഹിയായ ഒരു മിസിഹാ എന്ന നിലയിലല്ലാ ഇത് പറുന്നത്. **എന്നാൽ ഞാനിത് പറയുന്നത് ഒരു മസീഹ് എന്ന നിലയിലും, ഒരു ദൈവദൂതൻ എന്ന നിലയിലുമാണ്. ഇത് ഖുർ ആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ പ്രയോഗവൽക്കരിക്കേണ്ട കാര്യമാണ്. ഈ ജനത പീഡിപ്പിക്കപ്പെട്ടിരിക്കുന്നു, നിന്ദ്യരാക്കപ്പെട്ടിരിക്കുന്നു; കൊലചെയ്യപ്പെട്ടിരിക്കുന്നു. അവർക്ക് ശക്തി ഉപയോഗിക്കുവാനുള്ള എല്ലാ അവകാശങ്ങളുമുണ്ട്. സ്വയം പ്രതിരോധത്തിലൂടെ അവരുടെ തന്നെ ആളുകളെ സംരക്ഷിക്കേണ്ടതായിട്ടുണ്ട്; അവരുടെ രാജ്യത്തെയും സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അവരുടെ രാജ്യത്തെ അവരുടെ കയ്യിൽ നിന്നും പിടിച്ചു പറിച്ചെടുത്തതാണ്; കാരണം അവർ മുസ്ലീങ്ങൾ ആയതുകൊണ്ടാണ്; ഈ അക്രമവും പൈശാചികത്വവും മുസ്ലീങ്ങൾക്കെതിരിൽ അവർ നടത്തിയിരിക്കുകയാണ്.** ഇത് ഒരു വലിയ ചരിത്ര സംഭവത്തിന് നാന്ദി കുറിച്ചിരിക്കുന്നു. പീഡിതരായ മുസ്ലീം സാമാന്യ ജനം അതിന് സാക്ഷികളായി തീർന്നിരിക്കുകയാണ്. ഇസ്ലാമിനെ തിരസ്ക്കരിക്കുന്നതിനുള്ള ഒരു പുതിയ വഴി !മുസ്ലീം സമുദായത്തിലെ എല്ലാ അംഗങ്ങളോടും ഞാനൊരു അർത്ഥന നടത്തുകയാണ്. അവർ ഈ അഭയാർത്ഥികളെ തുറന്ന കൈകളോടെ സ്വാഗതം ചെയ്യണം; അനാഥരെ വിസ്മരിക്കാതെ, അവർക്ക് പ്രത്യേക പരിഗണന നൽകണം. നമ്മുടെ ചിലവിൽ തന്നെ ഈ അനാഥരായ കുട്ടികളെയെല്ലാം ഏറ്റവും നല്ല നിലയിൽ സംരക്ഷിക്കണം ; അല്ലാഹുവിന്റെ തൃപ്തി മാത്രം കാംഷിച്ചുകൊണ്ട്, അവരെ സ്വാഗതം ചെയ്യുക, അവർക്ക് സ്നേഹ വാത്സല്യങ്ങൾ നൽകുക, സുരക്ഷിതത്വം പ്രദാനം ചെയ്യുക. മുസ്ലീം ഭവനങ്ങളിൽ അവരെ താമസിപ്പിക്കുക. രാഷ്ട്രതലത്തിലുള്ള ദത്തെടുക്കൽ വളരെ എളുപ്പമാണ്; ഈ സാഹചര്യത്തിൽ നിന്നുള്ള നേട്ടം മുസ്ലീങ്ങൾ നേടേണ്ടതാണ്. അവർ അനാഥരുടെ ഗുണകാംഷികളായി മാറുക. ദത്തെടുക്കൽ, നമുക്കറിയാവുന്നതുപോലെ ഇസ്ലാം അംഗീകരിച്ചിട്ടുള്ളതല്ല. ഇസ്ലാമിൽ, ദത്തെടുക്കപ്പെട്ട കുട്ടികൾക്ക് അനന്തരവാകശ മുതലിനുള്ള അവകാശമുണ്ടായിരിക്കുന്നതല്ല. ദത്തെടുത്ത രക്ഷിതാക്കൾക്ക് കുട്ടികളുടെ മേൽ പ്രത്യേക അവകാശങ്ങൾ ഒന്നുമില്ല; അഥവാ അവന് പല നിലയിലും ഉണ്ടാകാൻ സാധ്യതയുള്ള നേട്ടങ്ങളിൽ പ്രത്യേക അവകാശങ്ങൾ ഒന്നുമില്ല. (വിദേശിക്ക് പൗരത്വം കൊടുക്കുന്നതു പോലുള്ള) ഈ സാഹചര്യത്തിൽ മുസ്ലീം ഭരണകൂടങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് നിർവ്വഹിക്കുവാൻ ഉള്ളത്! ഒരു നിശ്ചിത കാലയളവിൽ അവരുടെ ഗുണകാംഷികളായി അവർക്ക് വർത്തിക്കാവുന്നതാണ്; ഈ കുട്ടികളെ സംരക്ഷിക്കുന്നതിലൂടെ പത്തു പതിനഞ്ചു വർഷക്കാലം ! അങ്ങനെ ചെയ്യുന്നത് തീർച്ചയായും അല്ലാഹുവിന്റെ വളരെ വലിയ ഒരനുഗ്രഹമായിരിക്കും.

**മുസ്ലീം സമുദായത്തിലെ അംഗങ്ങൾ, വിശിഷ്യാ എന്റെ ജമാഅത്തിലെ അംഗങ്ങൾ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ഇപ്പോഴും ഭാവിയിലും ഈ പദ്ധതിക്ക് സ്വാഗതമരുളുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മുസ്ലീം ഭരണകൂടങ്ങൾ ഈ അർത്ഥന കേൾക്കുകയും അനുകൂലമായി പ്രതികരിക്കുകയും ചെയ്യുവാൻ അല്ലാഹു അവരെ പ്രാപ്തമാക്കട്ടെ ! അങ്ങനെ ഇസ്ലാമിന്റെ സമ്പൂർണ്ണ പാതയിലൂടെ അവർ മുന്നേറട്ടെ ! ഇസ്ലാമിക ജിഹാദിനുള്ള സമയം ഇതാണ്. എല്ലാ ഇസ്ലാമിക രാജ്യങ്ങളും ഇതിൽ പങ്കെടുക്കേണ്ടതാണ്. ബഹുദൈവ വിശ്വാസികളെ നിങ്ങൾ ഭയപ്പെടരുത് ! നമുക്ക് ഇസ്ലാമിനെ നമ്മുടെ ശക്തി കേന്ദ്രമാക്കാം ; നമ്മുടെ ദൗർബല്യമാക്കാതിരിക്കാം. കഴിഞ്ഞ കാല കഥകളും, മുൻ കാല കെട്ടുകഥകളുമാണെന്ന് പറഞ്ഞ് ഇസ്ലാമിന്റെ ഈ സുന്ദര അധ്യാപനങ്ങളെ കരിതേച്ചു കാണിക്കാതിരിക്കുക. അല്ല, അല്ലേ അല്ല ! ഇസ്ലാമിന്റെ യഥാർത്ഥ അസ്തിത്വത്തിനായി നമുക്ക് ശക്തമായി എഴുന്നേൽക്കാം; മനുഷ്യജീവിതത്തിന്റെ ഏറ്റവും നല്ല വഴിയാണത്! ഇസ്ലാം വീണ്ടും പ്രകാശം പരത്തുന്നതിനെക്കുറിച്ച് നമുക്ക് ഓർക്കാം; ഈ പരിപാവനമായ മാർഗ്ഗത്തിൽ നാമെല്ലാം ഒരുമിച്ചാൽ ! ഇൻശാ അല്ലാഹ്. ആമീൻ !**

**മുസ്ലീങ്ങളിൽ പരിഭ്രാന്തി** : **കാലി രോഗം** :– മൂവായിരത്തോളം കന്നുകാലികളെ കാലി രോഗത്തെ തുടർന്ന് മൗറീഷ്യസിലും, റോഡ്ഗ്രിസിലുമായി കശാപ്പു ചെയ്യുകയുണ്ടായി. **2016 സെപ്റ്റംബർ 12 മുതൽ നടത്തേണ്ട ഖുർബാനി സംബന്ധമായി മുസ്ലീംകളിൽ പരിഭ്രാന്തി!** റോഡ്ഗ്രിസിൽ ഈ വയറസിന്റെ പുറപ്പാടോടെ, മുസ്ലീങ്ങൾ ഈദുൽ അദ്ഹായ്ക്കായി ആഫ്രിക്കയിൽ നിന്നും ആസ്ട്രേലിയായിൽ നിന്നും, കാലികളെ ഇറക്കുമതി ചെയ്യുന്നതിന് ശ്രമിക്കുന്നു. അവ എത്തിയപ്പോൾ അവയിൽ ചിലതിന് ഈ വൈറസ് ആക്രമണം കണ്ടതിനെ തുടർന്ന് മൗറീഷ്യസിൽ മുഴുവൻ പരിഭ്രാന്തി പടർന്നു. അധികാരികൾ ആഘോഷവേളയിൽ ആടുകളെ കശാപ്പ് ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുകയാണ്. രോഗബാധിതമായ മൃഗങ്ങളെ ബലിയർപ്പിക്കുന്നത് ഇസ്ലാം നിരോധിച്ചിട്ടുള്ള കാര്യമാണ്. രോഗബാധയുണ്ടായിരിക്കാം എന്ന് സംശയമുണ്ടെങ്കിലും കശാപ്പ് ചെയ്യുവാൻ പാടില്ല. ഈദുൽ അദ്ഹാ ആഘോഷത്തിന്, ആരോഗ്യമുള്ള കാലികളെ മാത്രമെ നൽകുകയുള്ളൂവെന്ന് മൗറീഷ്യസ് അധികാരികൾ അറിയിച്ചു. ഖുർബാനിയ്ക്കായി 2000 ത്തിൽ കൂടുതൽ ആളുകൾ കാളകളെ ആവശ്യപ്പെട്ടിരുന്നു. അവയിൽ ചിലതിൽ പകർച്ച രോഗാണു കണ്ടതിനാൽ, ആവശ്യക്കാർ പിന്മാറി, അവരുടെ പണം ഇറക്കുമതിക്കാർ തിരികെ നൽകേണ്ടതാണ്. അത് 20 ദശലക്ഷം രൂപയിലധികമുണ്ട്. ! തീർച്ചയായും ഇത് ഭക്ഷണത്തിന് വേണ്ടിയായിരുന്നു. ഭരണകൂടം തീർച്ചയായും മുൻകരുതൽ എടുക്കേണ്ടതാണ്. അങ്ങനെയായാൽ ഈ രോഗാണു, അതു പോലെ മറ്റ് രോഗാണുക്കളും ആട്, കോഴി, തുടങ്ങിയ മൃഗ പക്ഷികളെ ആക്രമിക്കാതിരിക്കും. മത്സ്യവും പച്ചക്കറിപോലും ഒഴിവാക്കാവതല്ല. ഈ സമയം വളരെ നിർണ്ണായകമാണ്. വരും ദിനങ്ങൾ കൂടുതൽ നിർണ്ണായകങ്ങളുമാണ്. കുത്തിവയ്പ് മൃഗങ്ങളിൽ അനുകൂലമായ ഫലം ഉളവാക്കിയില്ലെങ്കിൽ ! മൃഗങ്ങൾക്ക് നൽകിയിരിക്കുന്ന ഈ മരുന്ന്, ജനങ്ങളുടെ ആരോഗ്യത്തിൽ എന്ത് സ്വാധീനം ചെലുത്തുമെന്ന് ആർക്കുമറിയില്ല. ഈ കാര്യം മുസ്ലീങ്ങളെ മാത്രമല്ല ബാധിക്കുന്നത്, മൗറീഷ്യസിലും, റോഡ്ഗ്രിസിലുമുള്ള മുഴുവൻ ജനതയെയും ബാധിക്കുന്നതാണ്. കാരണം അവർ വെജിറ്റേറിയൻ ജനതയല്ല.! **ഹജ്ജ് 2016** :– **ഇന്ന് 9 സെപ്റ്റംബർ 2016 ന് ഹജ്ജ് ആരംഭിക്കുന്നു. (തിരുത്തൽ : സൗദി അറേബ്യയിലെ മക്കയിൽ ഔദോഗ്യികമായി ഹജ്ജ് ആരംഭിക്കുന്നത് സെപ്തംബർ 10, 2016 ശനിയാഴ്ചയാണ്.) ഹജ്ജിനായി പരിശുദ്ധ ഭവനത്തിൽ എത്തിച്ചേർന്നിരിക്കുന്ന എല്ലാ ഹാജിമാർക്കും, ഈ ആത്മീയ സ്നാനത്തിലൂടെ അല്ലാഹുവിന്റെ സന്തോഷം വിളയിക്കുവാൻ കഴിയട്ടെ എന്നാശംസിക്കുന്നു. അവരുടെ ഹജ്ജ് കർമ്മം അല്ലാഹു സ്വീകരിക്കട്ടെ ! എല്ലാ വിപത്തുകളിൽ നിന്നും അല്ലാഹു അവരെ സംരക്ഷിക്കട്ടെ ! അവരുടെ ഇസ്ലാം ഒരു ന്യൂനതയുമില്ലാതെ സംരക്ഷിക്കുവാൻ അവർക്കു കഴിയട്ടെ ! ആമീൻ !.**


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*